ബന്തടുക്ക-കരിപേടകം വില്ലേജുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതി

179 (2459) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബന്തടുക്ക - കരിപേടകം വില്ലേജുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പദ്ധതിക്ക് അനുമതി ലഭിച്ചിട്ട് എത്ര മാസമായി; ഇതിന്റെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ബന്തടുക്ക-കരിപേടകം വില്ലേജുകൾക്കായുള്ള കുടിവെള്ള പദ്ധതി ഒന്നാംഘട്ടം നടപ്പിലാക്കുന്നതിന് 18-10-2012 തീയതിയിലെ ഉത്തരവ് നമ്പർ കെ.ഡബ്ല്യു.എ/എച്ച്.ഒ./ഡബ്ല്യു.എൻ./39/2012-13 പ്രകാരം 800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

(ബി) 39 മാസമായി. 18-10-2012-ലാണ് ഭരണാനുമതി ലഭിച്ചത്. പദ്ധതിയുടെ വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്ത് അധികൃതർ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുമെന്ന ഉറപ്പിന്മേൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ കണ്ണൂർ സർക്കിൾ 30-12-2013-ലെ ടെണ്ടർ നമ്പർ 48/2013-14/പി.എച്ച്.സി/ കെ.എൻ.ആർ. പ്രകാരം ടെണ്ടർ വിളിക്കുകയുണ്ടായി. എന്നാൽ എസ്റ്റിമേറ്റ് തുകയേക്കാൾ ഉയർന്ന തുകയായതിനാൽ ടെണ്ടർ റദ്ദ് ചെയ്യുകയാണുണ്ടായത്. ഈ പദ്ധതിയുടെ ഭാഗമായ കിണറും പമ്പ് ഹൗസും നിർമ്മിക്കുന്നതിന് സ്വകാര്യ സ്ഥലം പനത്തടി പഞ്ചായത്തിൽനിന്നും ഭൂതല ടാങ്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലം കുറ്റിക്കോൽ പഞ്ചായത്തിൽ നിന്നുമാണ് ലഭ്യമാക്കേണ്ടത്. പല തവണകളായി പ്രസ്തുത പഞ്ചായത്തുകളോട് കേരള വാട്ടർ അതോറിറ്റി സ്ഥലം കൈമാറാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇതുവരെയായി സ്ഥലം ലഭ്യമായിട്ടില്ല. കൂടാതെ ശ്മശാനനിർമ്മാണത്തിന് കരിപേടകം വില്ലേജിലെ (ആർ.എസ്. നമ്പർ 106/01)-ലെ 50 സെന്റ് സർക്കാർ സ്ഥലം ലഭ്യമാക്കുന്നതിന് കാസർഗോഡ് ജില്ലാ കളക്ടർക്ക് കത്ത് നൽകിയെങ്കിലും സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല. പദ്ധതിക്കാവശ്യമായ എല്ലാ സ്ഥലങ്ങളും ഗ്രാമ പഞ്ചായത്ത് അധികൃതർ ലഭ്യമാക്കുന്നതനുസരിച്ച് പുതുക്കിയ ഡി.എസ്.ആർ നിരക്കിൽ എസ്റ്റിമേറ്റും പദ്ധതി റിപ്പോർട്ടും തയ്യാറാക്കി ഭരണാനുമതിക്കുവേണ്ടി നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly